7 (630) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ തിരുവനന്തപുരം വിമാനത്താവളത്തിന് നൽകിയ സഹായത്തിന്റെ വിശദവിവരം നൽകുമോ;

(ബി) ബോംബെ ലോബി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തെ തുരങ്കം വയ്ക്കാൻ ശ്രമിക്കുകയാണെന്ന റിപ്പോർട്ടുകളെക്കുറിച്ച് ഗവൺമെന്റിന് അറിവുണ്ടോ;

(സി) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം ഉത്ഘാടനം ചെയ്തതുമൂലം തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രസക്തി നഷ്ടമായെന്നും അതുകൊണ്ട് വികസനം അനാവശ്യമാണെന്നും ഉള്ള വാദത്തെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(ഡി) സുപ്രധാന അന്താരാഷ്ട്ര റൂട്ടിൽ വരുന്ന തിരുവനന്തപുരം വിമാനത്താവളം ആധുനികവൽക്കരിച്ച് അന്താരാഷ്ട്ര സർവ്വീസ് നടത്തുന്ന വിമാനങ്ങളുടെ ഇടത്താവളമാക്കി ഇതിനെ മാറ്റാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

8 (631) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനം

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് വേണ്ടിയുള്ള എന്തെല്ലാം കാര്യങ്ങൾക്കാണ് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത വിമാനത്താവളം സർവ്വീസ് നടത്തുന്നതും അല്ലാത്തതുമായ വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് വേണ്ടിയുള്ള ഫ്യൂവലിംഗ് സ്റ്റേഷൻ ആക്കണമെന്നുള്ള ആവശ്യം നിവേദനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ടി പ്രത്യേകം നിവേദനം നടത്തുമോ?

ഉത്തരം

(എ) പുതിയ ഇന്റർനാഷണൽ ടെർമിനൽ ഉടൻ നിർമ്മിക്കണമെന്നും എല്ലാ സമയത്തും വിമാനം ഇറങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കണമെന്നും ഇമിഗ്രേഷൻ കസ്റ്റംസ് സൗകര്യം എളുപ്പമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളുമായും ബന്ധപ്പെടുത്തുന്ന സർവ്വീസ് ആരംഭിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഭൂപടത്തിൽ തിരുവനന്തപുരത്തിനുള്ള സ്ഥാനം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളം സർവ്വീസ് നടത്തുന്ന വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് ഏറ്റവും ഉചിതമായ സ്ഥലമായിരുന്നിട്ടും പ്രസ്തുത വിമാനത്താവളം ഒരു പ്രമുഖ ഇന്ധന നിക്ഷേപ കേന്ദ്രമാക്കി മാറ്റാനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ഉണ്ടായിട്ടും ഈ വിമാനത്താവളത്തിന്റെ പുരോഗതിയിൽ കേന്ദ്രം ശ്രദ്ധചെലുത്തുന്നില്ല എന്ന് 1998 ജൂലായ് 14-ന് പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ മുഖ്യമന്ത്രി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇനിയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

9 (633) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിഞ്ഞ മൂന്നു വർഷം നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ മുഖേന എത്രത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇനിയുള്ള രണ്ടുവർഷം പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാർഷിക, വ്യാവസായിക, ടൂറിസം തുടങ്ങിയ മേഖലകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിൽ മേഖലകളിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നേരിട്ടുള്ള നിയമനം നടത്തുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) നേരിട്ടുള്ള നിയമനരീതി അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകാറുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കൃഷി, അനുബന്ധമേഖലകളായ മൽസ്യബന്ധനം, മൃഗസംരക്ഷണം എന്നിവ, വ്യവസായം, വിനോദസഞ്ചാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായ രംഗത്തുമാത്രം മൊത്തം 4.35 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly